# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 548 02.12.2014-ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

| | ചോദ്യം<br>ശ്രീ. ജെയിംസ് മാത്യൂ | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | സംസ്ഥാന ബജറ്റിൽ പ്രതീക്ഷിച്ച വരുമാനം കുറയുവാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; വരുമാനത്തിൽ കുറവുണ്ടായിട്ടില്ലെങ്കിൽ പ്ളാൻ എക്സ്പെൻഡിച്ചർ നടക്കാത്ത സാഹചര്യത്തിലും സാമ്പത്തിക പ്രതിസന്ധിക്ക് കാരണം എന്തായിരുന്നു ; | സംസ്ഥാന ബജറ്റിൽ കണക്കാക്കിയിട്ടുള്ള തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച ഉണ്ടായിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം സെപ്റ്റംബർ 30 ന് അവസാനിച്ച ആദ്യ പകുതിയിൽ ബജറ്റ് എസ്റ്റിമേറ്റിന്റെ 40.5 ശതമാനം തുക റവന്യൂ വരവിനത്തിൽ ലഭിച്ചിട്ടുണ്ട്. എങ്കിൽ തന്നെയും വികസനച്ചെലവുകൾ വർദ്ധിച്ചതും സാമൂഹ്യക്ഷേമ പദ്ധതികളിലെ അധികരിച്ച ചെലവും നിമിത്തം സാമ്പത്തിക ഞെരുക്കം ഉണ്ടായിട്ടുണ്ട്. |
| (ബി) | പൊതുവിപണിയിൽ നിന്നും കടം എടുക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ ആവശ്യം റിസർവ്വ് ബാങ്ക് നിരസിക്കുകയുണ്ടായോ ; എന്തെല്ലാം വിശദീകരണങ്ങളാണ് റിസർവ്വ് ബാങ്ക് സംസ്ഥാനത്തോട് ചോദിച്ചിരുന്നത്; ഈ സാമ്പത്തിക വർഷത്തിന്റെ പിന്നിട്ട ഓരോ ക്വാർട്ടറിലും എടുത്ത വായ്പകൾ എത്ര വീതമായിരുന്നു ; പരിധിയിലും കൂടുതൽ കടം എടുക്കുകയുണ്ടായോ ; | ഇല്ല.<br>കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള പരിധിക്കുള്ളിൽ നിന്നുമാത്രമേ കടമെടുത്തിട്ടുള്ളൂ. ഈ സാമ്പത്തിക വർഷത്തിന്റെ പിന്നിട്ട ഓരോ ക്വാർട്ടറിലും എടുത്ത വായ്പകൾ ഇപ്രകാരമാണ്.<br>ആദ്യപാദം (ഏപ്രിൽ-ജൂൺ) — 3700 കോടി രൂപ<br>രണ്ടാംപാദം (ജൂലൈ-സെപ്റ്റംബർ) — 3200 കോടി രൂപ<br>മൂന്നാംപാദം (ഒക്ടോബർ-ഡിസംബർ) നവംബർ 30 വരെ — 2500 കോടി രൂപ |
| (സി) | ട്രഷറിയിൽ നിന്നും സർക്കാർ ഉത്തരവു പ്രകാരം മാറ്റിക്കൊണ്ടുപോയ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവരുടെ ഫണ്ട് മടക്കിക്കൊണ്ടുവരാനുള്ള തീരുമാനം പ്രായോഗികമാക്കാൻ സാദ്ധ്യമായോ എന്ന് വ്യക്തമാക്കുമോ ; | ട്രഷറിയിൽ നിന്നും ഫണ്ട് മാറ്റുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുകളൊന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ